

പൗലോസ് മാർ അത്താനാസിയോസ് വലിയ തിരുമേനി (ആലുവ 1935)

# *Index*


Vicar's Message.................................. 2
Article ........................................................ 4
Editor's Message .................................... 6
Announcements..........................................7
Bible Crossword ..........................................8
Bible Quiz ............................................... 10



# Vicar's Message

## ത്രീയേക ദൈവത്തിനു സ്തുതി

വീണ്ടും ദൈവാനുഗ്രത്തിന്റെ കീഴിൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുവിന്റെ ജനനതിരുനാളും,പുതുവർഷവും നമ്മൾ ആഘോഷിക്കുകയാണ്.ദൈവം മനുഷ്യരൂപമെടുത്ത് സ്നേഹത്തിന്റെയും, സഹനത്തിന്റെയും പുതിയ ദൈവ ബോധം മനുഷ്യർക്കു നൽകിയ ഓർമ്മകളാണ് ഈ ദിനങ്ങളിൽ നമുക്ക് ലഭിക്കുക.പ്രൌഢിയുടെയും,സമ്പൽ സമൃദ്ധിയുടെയും നിരകളിൽ നിന്നും മാറി എളിമയുടെയും,വിനയത്തിന്റെയും മാതൃകയിലൂടെ മനുഷ്യമനസ്സിൽ പുത്തൻ ദിശബോധം തെളിയിച്ചുകൊണ്ടാണ് ദൈവം ഭൂമിയിൽ മനുഷ്യനായി പ്രത്യക്ഷനായത്.യഥാർത്ഥത്തിൽ സ്വർഗ്ഗത്തിലെ മഹിമാവസ്ഥവിട്ട് ഇറങ്ങിവന്ന കർത്താവിനെ പാവന കന്യകയിലൂടെ ലോകം കണ്ടപ്പോൾ വ്യക്തമായത് മനസ്സും,ശരീരവും,ചിന്തകളും ദൈവത്തിനു സമർപ്പിച്ചാൽ ദൈവീക പദ്ധതികൾക്ക് നമ്മെ ഒരുക്കും എന്നതാണ്.കാലിത്തൊഴുത്തിലെ എളിമയും കാൽവറിയിലെ ദൌത്യ പൂർത്തീകരണവും വലിയ ധ്യാനമാണ് നമുക്ക് നൽകുക.ദൈവ സാക്ഷത്കാരത്തിലെക്ക് മനുഷ്യ ജീവിതങ്ങളെ ക്ഷണിക്കുകയാണ് കർത്താവ് ചെയ്തത്.നമ്മുടെ ജീവിതത്തെ മുഴുവനായും ദൈവത്തിനു കാഴ്ചയായി സമർപ്പിക്കാം. അവൻ ആകുന്നു നിന്റെ പുകഴ്ച,അവൻ ആകുന്നു നിന്റെ ദൈവം,നീ കണ്ണാലെ കണ്ടിട്ടുള്ള മഹത്വവും ഭയങ്കരവുമായ കാര്യങ്ങളെ നിനക്കുവേണ്ടി ചെയ്തത് അവൻ തന്നെ (ആവർത്തനം 10:21).

റോമാക്കാരുടെ വലിയോരു ദേവനായിരുന്നു ജാനുസ്.കതകുകളുടെയും വാതായനങ്ങളുടെയും ദേവനായി അറിയപ്പെട്ടിരുന്നു.കതകുകൾക്ക് രണ്ട് ധർമ്മമുണ്ട്.അകത്തേക്ക് കടക്കുവാനും,പുറത്തേക്ക് പോകുവാനും.ജാനുസ് ദേവന് രണ്ട് മുഖങ്ങൾ ഉണ്ടെന്നാണ് പറയപ്പെടുന്നത്.ഒരു മുഖം പുറകോട്ടും ഒരു മുഖം മുമ്പോട്ടും.പുറകോട്ടുള്ളത് പോയവയിലേക്ക്,പഴയതിലേക്ക് തിരിക്കുന്നു. മുമ്പോട്ടുള്ളത് പുതിയതിലേക്ക്,പുതുമയിലേക്ക് തിരിക്കുന്നു.നമുക്ക് രണ്ട് മുഖങ്ങളില്ല എന്നാൽ ബോധപൂർവ്വം പിന്തിരിഞ്ഞ്,പുറകോട്ടു നോക്കിയെങ്കിലെ മുമ്പോട്ടുള്ള നമ്മുടെ നീക്കം വിജയപ്രദമാകുകയുള്ളു. പോരായ്മകൾ പരിഹരിച്ച് പുതിയ ജീവിതം രൂപപ്പെടുത്താനാകുകയുള്ളു. ജീവിത യാത്രയിൽ വിവിധ അനുഭവങ്ങളിലൂടെ നമ്മൾ യാത്രചെയുന്നവരാണ്. പലപ്പോഴും മുന്നോട്ടു നീങ്ങുമ്പോൾ പഴയ ചില നിഴലുകൾ നമ്മെ വെട്ടയാടുന്നുണ്ടാകാം. എന്നാൽ ജീവിത വിജയത്തിനു ഉപയുക്തമായ ദർശനം ഉൾക്കൊണ്ടുകൊണ്ട് ജീവിതത്തിലെ പ്രചോദനാത്മകമായ ചിന്തകളിലൂടെയും പ്രാർത്ഥനയിലൂടെയും നമുക്ക് വിജയം കൈവരിക്കാൻ കഴിയും.ദൈവശ്രയബോധത്തിലൂടെ നമുക്ക് ജീവിക്കാൻ സാധിക്കണം.ഇന്നു നമ്മളനുഭവിക്കുന്ന സകലത്തിലും ദൈവത്തിന്റെ

കരസ്പർശം ഉണ്ടെന്നറിയണം.ദൈവപ്രീതിയുളവാകാൻ നന്ദിയുള്ള ഹൃദയം നമുക്കാവശ്യമാണ്. ലഭിച്ച നന്മകൾ ഓർത്തു ദൈവത്തെ മഹത്വപ്പെടുത്താൻ കഴിയുമ്പോൾ നന്ദി സമർപ്പിക്കുമ്പോൾ ദൈവീക ചൈതന്യം നമ്മളിൽ നിറയുന്നു.കണ്ണിനു കുളിർമ പകരുന്ന ഒരു ദൃശ്യമാണ് സൂര്യകാന്തി ചെടികൾ.പരന്നു കിടക്കുന്ന നെടുനെടുങ്കൻ പൂന്തോട്ടങ്ങൾ.ആയിരമായിരം ആലവട്ടങ്ങളുമേന്തി ആരെയോ എതിരേൽക്കാനെന്നവണ്ണം അവറ്റകൾ അങ്ങനെ ഒരേ ദിശയിലേക്ക് തന്നെ നോക്കി നിൽക്കുന്നത് കണ്ണിനും,കരളിനും കുളിരു പകരും.ഉദിച്ചുനിൽക്കുന്ന സൂര്യനിലേക്ക് അവ പതിച്ചു നിൽക്കുമ്പോൾ മറ്റുപൂക്കളിൽ നിന്നും തികച്ചും വ്യത്യസ്തമായി കാണുന്നു.ഈ ഒരു ദിശാബോധമാണ് നമുക്ക് ആവശ്യം അത്യുന്നതമായ ദൈവത്തിലേക്ക് ദൃഷ്ടി ഉയർത്തുക.നമ്മെ മെനഞ്ഞുണ്ടാക്കിയ ദൈവത്തോടുള്ള കടപ്പാട് ഉപേക്ഷിക്കാതെ ഹൃദയ ശുദ്ധിയോടുകൂടി ജീവിക്കുക.

ഇതാ പഴയ മനുഷ്യൻ ഉരിഞ്ഞെടുക്കപ്പെടുന്നു, പുതിയ മനുഷ്യനെ ധരിക്കുകയാണ് വേണ്ടത് (എഫേ 4:24) .ദൈവത്തിൽ നിന്നും, മാനുഷിക നന്മയിൽ നിന്നും നമ്മെ പിൻതിരിപ്പിക്കുന്ന സകലതും ഉപേക്ഷിച്ചുകൊണ്ട് പുതുക്കം പ്രാപിക്കുന്ന അനുഭവം ഈ പുതുവർഷത്തിലുണ്ടാകണം. ശരീരത്തെയും, മനസ്സിനെയും,ആത്മീയ പരിവേഷത്തേയും ചോർത്തികളയുന്ന വികലമായ മനോഭാവത്തേയും നമുക്ക് ദൈവാത്മാവിന്റെ ശക്തിയാൽ നീക്കിക്കളയാം. ശരത്കാലത്തിൽ ഇലകൾ പൊഴിയുക സാധാരണമാണ്.പക്ഷെ പൊഴിയുന്ന ഇലക്കുപകരം പുതിയത് പൊടിച്ചുപൊങ്ങും.വചനം പറയുന്നു പഴയതു കഴിഞ്ഞുപോയി,ഇതാ പുതിയത് സമീപിച്ചിരിക്കുന്നു. ജീവിച്ചു മുന്നേറാൻ ആത്മീയ തലത്തിലും,ഭൌതിക മേഖലയിലും വിജയംവരിച്ചു മുന്നേറാൻ പുതിയ വർഷം നമ്മെ സഹായിക്കട്ടെ. എല്ലാ പ്രിയ ദൈവമക്കൾക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ നേരുന്നു.

സ്നേഹപൂർവ്വം,

ക്രിസ്തുയേശുവിൽ,

നിങ്ങളുടെ സജിയച്ചൻ.

# Article

കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും,അവന് ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് പേർവിളിക്കും(മത്തായി1:22). ഒരു കുഞ്ഞിന്റെ ജനനം ആ കുടുംബത്തിനു മുഴുവൻ സന്തോഷം ഉളവാക്കുന്നു. എന്നാൽ ഇമ്മാനുവേലിന്റെ ജനനം മാനവരാശിയെ സന്തോഷത്തിൽ ആറാടിച്ചു. അതിനാൽ ലോകജനത ക്രിസ്തുമസ് ആഘോഷിക്കുന്നു.

ക്രിസ്തുവിന്റെ ജനനം ദൈവസ്നേഹത്തിന്റെ ഉദാത്തമായ പ്രതീകമാണ്. സ്നേഹിക്കുവാനും, കരുതുവാനും, ജീവിക്കുവാനുമുള്ള ഒരു വെല്ലുവിളിയാണ് തിരുപ്പിറവി.ലോകജനത സുഖഭോഗങ്ങൾക്കായി മത്സരിക്കുമ്പോൾ നമ്മൾ മറക്കുന്ന കാര്യമാണ് മറുഭാഗത്ത് കഷ്ടപ്പാടിന്റെയും, യുദ്ധത്തിന്റെയും, അക്രമത്തിന്റെയും, ക്ഷാമത്തിന്റെയും മുറവിളി ഉയരുകയാണ്. ലോകത്തിൽ പലഭാഗങ്ങളിലും അരക്ഷിതാവസ്ഥ നിലനിൽക്കുമ്പോൾ,പ്രത്യാശയുടെ കാരണമായി ക്രിസ്തുമസ് വന്നെത്തുകയാണ്.

മുൻപെ പറഞ്ഞതുപോലെ ദൈവം നമ്മോടൊപ്പം(ഇമ്മാനുവേൽ)എന്ന അനുഭവമാണ് ക്രിസ്തുമസ്.ആഗമനകാലം അവിടുത്തെ വരവിന്റെ തയ്യാറെടുപ്പിന്റെ കാത്തിരിപ്പിനുള്ള കാലഘട്ടമാണ്.ദൈവം നമ്മോടൊപ്പം എന്ന അനുഭവത്തിനായി നാം കാത്തിരിക്കുകയും തയ്യാറെടുക്കുകയും ചെയ്യുന്നു.അത്തരത്തിൽ നാം സ്വയം സജ്ജരാകുന്ന ഏതോരവസരത്തിലും ഇമ്മാനുവേൽ അനുഭവം സ്വന്തമാക്കാം.എപ്പോഴെല്ലാം ഈ അനുഭവം നമ്മിൽ ഉദയം ചെയ്യുന്നുവോ അപ്പോഴെല്ലാം നമ്മുടെ ക്രിസ്തുമസ് അർത്ഥവത്തായി തീരുന്നു.ഈ അനുഭവം ചിന്തയിലും, ബോധ്യങ്ങളിലും,മനോഭാവങ്ങളിലും മാറ്റം വരുത്തി നമ്മെ പുതുസൃഷ്ടിയാക്കിതീർക്കണം.ഇതിനുദാഹരണമാണ് ആട്ടിടയന്മാരും,രാജാക്കന്മാരും,നവജാത ക്രിസ്തുവിനെ വണങ്ങിയതിനുശേഷം പുതുപാത തിരഞ്ഞെടുക്കുകയും അതിലെ ചരിക്കാൻ തുടങ്ങിയതും.

പുൽക്കൂട് ഒരുക്കിയും, കാരോൾ പാടിയും ക്രിസ്തുമസിനെ വരവേൽക്കുന്ന നമ്മൾ ചിന്തിക്കേണ്ട ഒന്നാണ് നമ്മുടെ ഹൃദയമാകുന്ന പുൽക്കൂട് ക്രിസ്തുവിന്റെ ജനനത്തിനായി നാം ഒരുക്കിയിട്ടുണ്ടോ? ക്രിസ്തുവിന്റെ ഉദാത്തസ്നേഹത്തിന് നമ്മുടെ മനസ്സിലും കുടുംബങ്ങളിലും സ്ഥാനമുണ്ടോ എന്ന് ചിന്തിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യേണ്ട സമയമാണിത്. ക്രിസ്തുവിനെ നമ്മുടെ രക്ഷിതാവായി സ്വീകരിക്കാത്തിടത്തോളം കാലം നമ്മുടെ ക്രിസ്തുമസ് ആചാരങ്ങളിലും,അനുഷ്ഠാനങ്ങളിലും,ആഘോഷങ്ങളിലും മുങ്ങിപ്പോകും.ഇത് ക്രിസ്തുവിനെ നമ്മളിൽനിന്നും,നമ്മളെ ക്രിസ്തുവിൽനിന്നും അകറ്റുക മാത്രമേ ചെയ്യുന്നുള്ളു.

അതിനാൽ പ്രിയരേ ദൈവസ്നേഹം പ്രകടിപ്പിക്കാനും,സഹോദരന്മാരെ നമ്മളായി കാണാൻ ഉള്ള ഒരു അവസരമായി നമുക്കീ ക്രിസ്തുമസിനെ മാറ്റാം.നമ്മുടെ പ്രവർത്തികൾ അതിനുദകുന്നതാകട്ടെ. മദർതെരേസ താൻ ശുശ്രുഷിച്ച ഓരോ രോഗിയിലും ക്രിസ്തുവിനെ കാണുകയും,അതിൽ ജാതി മത വർണ്ണഭേദമന്യേ തന്നാൽ കഴിയുന്നത് അവർക്കുവേണ്ടി ചെയ്യുകയും ചെയ്തു.മത്തായി 25 ൽ പറയുന്നതുപോലെ "ഇവിടെ ഏറ്റവും ചെറിയ സഹോദരരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളമെല്ലാം എനിക്കു ചെയ്യുന്നു എന്നു ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു."

നമുക്ക് സമാധാനത്തിന്റെയും,ശാന്തിയുടെയും സന്ദേശവാഹകരാകാം. ലൂക്കോസ് 2:14 ൽ പറയുന്നതുപോലെ ക്രിസ്തു ജനനത്തിൽ മാലാഖമാർ പാടി "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം,ഭൂമിയിൽ ദൈവ പ്രഭാവമുള്ള മനുഷ്യർക്ക് സമാധാനം".അതിനാൽ നമുക്ക് ക്രിസ്തുമസ് ആഘോഷം അതിന്റെ എല്ലാ അർഥത്തിലും ഉൾക്കൊണ്ടുകൊണ്ട് ദൈവഹിതത്തിന്നായി പ്രയത്നിക്കാം. നമുക്കവനെ പിന്തുടരാം.

"യഹോവയ്ക്ക് ഒരു പുതിയ പാട്ടുപാടുവിൻ,സകല ഭൂവാസികളുമായുള്ളോരേ യാഹോവയ്ക്ക് പാടുവിൻ,യാഹോവയ്ക്ക് പാടി അവന്റെ നാമത്തെ വാഴ്ത്തുവിൻ,നാൾ തോറും അവന്റെ രക്ഷയെ പ്രസിദ്ധമാക്കുവിൻ, ജാതികളുടെ ഇടയിൽ അവന്റെ മഹത്വവും സകലവംശങ്ങളുടെയും ഇടയിൽ അവന്റെ അത്ഭുതങ്ങളും വിവരിപ്പിൻ (സങ്കി 96.1:3). ഇതാകട്ടെ നമ്മുടെ ഓരോരുത്തരുടേയും പുതുവർഷ ഗീതം.യഹോവയെയും,അവന്റെ ശക്തിയെയും തേടുവിൻ,അവന്റെ മുഖം നിരന്തരം അന്വേഷിപ്പിൻ........അവൻ ചെയ്ത അത്ഭുതങ്ങളും, അരുളിചെയ്ത അടയാളങ്ങളും, വിധികളും ഓർത്തുകൊണ്ട് (ദിനവൃ 16.11:12) ഈ പുതുവൽസരത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

ഈ ക്രിസ്തുമസും, പുതുവത്സരവും നമ്മെ ക്രിസ്തുവിന്റെ പോരാളിയായി,അവന്റെ തേർ തെളിക്കാൻ നമ്മെ പ്രാപ്തരാക്കാൻ അവൻ നമുക്കു ശക്തി തരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.ഏവർക്കും ക്രിസ്തുമസിന്റെയും, പുതുവത്സരത്തിന്റെയും ആശംസകൾ നേരുന്നു.



ദൈവം അനുഗ്രഹിക്കട്ടെ.

**AJITH P.Y**

# Editor's Message



മാനവ ജാതിയുടെ സംഹാരത്തിന്നുവേണ്ടി ഒരുക്കുന്ന കൊടും കെടുതികൾ നിശ്ശേഷം മാറ്റി അവയെല്ലാം ജനസമൂഹത്തിന്റെ സഹായത്തിനും വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി സംഭരിക്കപ്പെടണം. എല്ലാവർക്കും അനുഗ്രഹാശിസ്സുകളാൽ നിറഞ്ഞ ഒരു ക്രിസ്തുമസ്സും അനുഗ്രഹങ്ങളുടെ സന്തുഷ്ടിയും സംതൃപ്തിയും ഉൾക്കൊള്ളുന്ന പുതുവർഷവും ആശംസിച്ചുകൊള്ളുന്നു.

ഇക്കഴിഞ്ഞ ഒരു വർഷക്കാലം ഈ ബുള്ളറ്റിന്റെ എല്ലാ ലക്കവും വിജയകരമായി പൂർത്തിയാക്കുവാൻ സർവശക്തനായ ദൈവം എന്നെ സഹായിച്ചു. നിങ്ങൾ ചെയ്തുതന്ന ചെറുതും വലുതുമായ എല്ലാ നല്ല സേവനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി......

കഴിഞ്ഞ ഒരു വർഷക്കാലം നല്ല സന്ദേശങ്ങൾ തന്ന് നമ്മെ അനുഗ്രഹിച്ച ബഹു. ഇടവക വികാരി ഫാ. സജി ജോബ്, ഇടവകജനങ്ങൾ, ബഹു. MANAGING COMMITTEE MEMBERS, ബൈബിൾ CROSS WORDS നല്കി സഹായിച്ച CHEV. THOMAS ABRAHAM ബൈബിൾ ക്വിസ് ചോദ്യങ്ങൾ നൽകി സഹായിച്ച ശ്രീമതി. ഉഷ അച്ചൻകുഞ്ഞ്, നമ്മുടെ ചർച്ച് ബുള്ളറ്റിന്റെ പ്രസിദ്ധീകരണവുമായി സഹകരിച്ചു പ്രവർത്തിച്ച ശ്രീ. സോണി ജോർജ്, ശ്രീ. രാജു പി. കുര്യൻ, ശ്രീ .ലിജോ ജോർജ്, ശ്രീ. ബേസിൽ കുര്യാക്കോസ്, തുടങ്ങിയവരോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. എന്നെ എൽപ്പിച്ച ഈ ദൗത്യം കൃത്യമായി നിർവഹിക്കുവാൻ എന്നെ സഹായിച്ച സർവശക്തനായ ദൈവത്തോട് ആയിരമായിരം നന്ദി സമർപ്പിച്ചുകൊള്ളുന്നു.

പ്രാർത്ഥനകളോടെ

മനോജ് മാത്യു

# Announcements

**ജനുവരി 24 ഞായർ - പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ ഓർമ പെരുനാൾ**

**ഫെബ്രുവരി 5 വെള്ളി - മഞ്ഞിനിക്കര മോർ ഇഗ്നാത്തിയോസ് ഏലിയാസ് ത്രിദിയൻ ബാവായുടെ ഓർമ പെരുനാൾ**

## അനുശോചനം

നമ്മുടെ മെമ്പർ ശ്രീ സിഞ്ചു തോമസിന്റെ (S051) ഭാര്യാ പിതാവ് കർത്താവിൽ നിദ്ര പ്രാപിച്ച വിവരം അറിയിക്കുന്നു

നമ്മുടെ മെമ്പർ ശ്രീ ജയ്‌മോൻ എൻ ചാക്കോയുടെ ഭാര്യാ പിതാവ് കർത്താവിൽ നിദ്ര പ്രാപിച്ച വിവരം അറിയിക്കുന്നു

നമ്മുടെ മെമ്പർ ശ്രീ ബിനു കുന്നന്താനത്തിന്റെ പിതാവ് കർത്താവിൽ നിദ്ര പ്രാപിച്ച വിവരം അറിയിക്കുന്നു.

**പരേതരുടെ ആത്മ ശാന്തിക്കായി പ്രാർത്ഥിക്കുകയും ആ കുടുംബങ്ങളോടുള്ള ഇടവകയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.**

*****************************************************************************************



*****************************************************************************************


നമ്മുടെ മെമ്പർ ആയ ഷെബി തോമസ് - ലിജിമോൾ ദമ്പതികൾക്ക് ഒരു പെൺകുഞ്ഞു പിറന്ന വിവരം അറിയിക്കുന്നു

നമ്മുടെ മെമ്പർ ആയ ചെറിയാൻ പൈനെടത്ത് - ആഷാ ദമ്പതികൾക്ക് ഒരു പെൺകുഞ്ഞു പിറന്ന വിവരം അറിയിക്കുന്നു

നമ്മുടെ മെമ്പർ ശ്രീ പൈനേടത്തു വർകി പോൾസൺന്റെയും- ശ്രീമതി ഷെല്ലി പോൾസൺ ദമ്പതികൾക്ക് ഒരു ആൺകുഞ്ഞു പിറന്ന വിവരം അറിയിക്കുന്നു

# BIBLE CROSSWORD for JANUARY 2016

The reference for this crossword is taken from the book Mathew, Chapters 1& 2 of KJV Bible.




Name: ______________________________________________

## Across


**3.** Baby Jesus was taken to this country to escape from adversaries.
**4.** One of the gift of wise men
**6.** Jesus birth was to save his people from this.
**9.** The king at the time of Jesus birth.
**10.** King Herod's son.
**11.** Who informed Joseph that Mary conceived from Holy Ghost?

## Down

1. This prophet foretold the killing of children after Jesus birth.
2. This was seen by the wise men.
4. How many generations were there from Abraham to Jesus Christ?
5. God with us.
7. Mary was this to Joseph.
8. Bethlehem was in it.

***(Please deposit your answers before 25th January)***

## Answer to Bible Crossword - November 2015




## Winners
### Bible Crossword November 2015

Abel John Kuruvilla
Akhil Basil Paulose
Anitta Mariya Polson
Chris V Binu
Don Sabu Varkey
Edwin Mathew
Johann Agith
Liya Sara Joseph
Mahal Mani Ulahannan
Merlin Mary
Milan Mani Mathew
Roshan Thomas
Seba Sara Baby
Sebine Scaria
Shain Rima Alex

*Congratulations.....*

Quiz No : 9.  1-10 യാക്കോബ്     11-15   1ജോൺ

1. പിതാവായ ദൈവത്തിൻെറ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തി എന്താണ്?

2. അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവി എന്താണ്?

3. ഇരുമനസ്സുള്ള മനുഷ്യൻ തൻെറ വഴികളിൽ ഒക്കെയും എങ്ങനെയുള്ളവനാണ്?

4. സമാധാനം ഉണ്ടാക്കുവാർ സമാധാനത്തിൽ വിതച്ചു എന്തു കൊയ്യുന്നു.

5. ദൈവം ഏകൻ എന്ന് വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നവൻ ആര്?

6. വിശ്വാസത്തോടു കൂടിയ പ്രാർത്ഥന ആരെ രക്ഷിയ്ക്കും?

7. പ്രവൃത്തികളാൽ നീതികരിക്കപ്പെട്ട രണ്ടു പേരുടെ പേരുകൾ യാക്കോബിൻെറ ലേഖനത്തിൽ പറയുന്നു.അവർ ആരെല്ലാം?

8. യാക്കോബ് ലേഖനത്തിൽ നാവിനെ വിളിക്കുന്ന മറ്റൊരു പേരെന്ത്?

9. സഹിഷ്ണതയ്ക്കു പ്രസിദ്ധിയാർജ്ജിച്ചവൻ ആര്?

10. ദൈവം നിഗളികളോട് എതിർത്തുനില്ക്കുകയും താഴ്മയുള്ളവർക്കു എന്തു നല്കുകയും ചെയ്യുന്നു?

11. സാക്ഷ്യം പറയുന്ന മൂവർ ആരെല്ലാം?

12. കായീൻ സഹോദരനായ ഹാബേലിനെ കൊല്ലാനുണ്ടായ സംഗതി എന്താണെന്നാണ് യോഹന്നാൻെറ ലേഖനത്തിൽ പറയുന്നത്?

13. പാപം ചെയ്തിട്ടില്ല എന്നു പറയുന്നവൻ ആരാണ്?

14. യോഹന്നാൻെറ ലേഖനത്തിൽ പറയുന്ന കള്ളൻ എങ്ങനെയുള്ളവനാണ്?

15. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ ആരുടെ സ്നേഹം ഇല്ല?

*(ദയവായി ഉത്തരങ്ങൾ* **January 25** *ന് മുൻപായി ബോക്സിൽ നിക്ഷേപിക്കുക)*

Answer No: 8        1-10 1peter.  11-15  2peter

1. ദുഷ്പ്രവൃത്തിക്കാക്ക്    3:12

2. രക്ഷ    1:4

3. താഴ്മയുള്ളവക്ക്    5:5

4. ക്രിസ്തു എന്ന നിർദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ട്.    1:19

5. തേജസ്സിന്റെ    5:4

6. പത്രോസ്    4:14

7. യേശുക്രിസ്തുവിന്റെ    2:22

8. സ്നേഹം    4:8

9. ബഹുമാനം    3:7

10. വചനം എന്ന മായമില്ലാത്ത പാൽ    2:2

11. ആകാശം    3:10

12. ബെയോരം    2:15

13. പ്രവചനം    1:21

14. ഭൂമി    3:5

15. നീതിമാനായ ലോത്തിന്റെ    2:7,8

## Winners - Quiz No. 7

Aleyamma Thomas
Beena Mathew
Bisy Eby
Gincy Eldhose
Jismol Jayan
Joji Susan Mani
Lali Chandy Joshua

Lissy Paulose
Moly Baby
Sezil Baby
Shaiby Baby
Sheeba Roy
Sheeja Polson

Shelby Jacob
Shini Varkey
Shiny Binu
Sosamma Scaria
Suni Philip
Synu Deena Varghese



**Usha Achenkunju**

*Congratulations.....*

## For Favours Received



പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവിക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദിപറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എനിക്കുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടു കൊണ്ടു ഞാൻ ചോദിക്കുന്ന ഈ കാര്യം സാധിച്ചു തരണമെന്ന് അപേക്ഷിക്കുന്നു. മൂന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ നിവൃത്തിയാകും. സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുമ്പ് താഴെ പറയുന്ന കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പ് നൽകുക. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കുവാൻ വേണ്ടിയാണ്. താമസിച്ചതിന് ക്ഷമാപണം.

**Mariamma Job**

## For Favours Received



**Mary Thomas**

## Happy Birthday



**Deo Saji**
8th Happy Birthday on 28-01-2016



**Annmaria Polson Pynadath**
2nd Happy birthday on 11-12-15